'423551/2023

"ഭരണഭാഷ – മാതൃഭാഷ"
**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം

നമ്പർ: DT/426/2023-C1-Part(2) തീയതി: 24-07-2023

ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലനവകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ സെക്ഷൻ – സർക്കാർ/SCDD/STDD/സ്വകാര്യ ഐടിഐകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട ഷെഡ്യൂൾ - പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്

സൂചന:- ഡയറക്ടറുടെ 27.04.2023തീയതിയിലെ DGT-Aff011/1/2023-O/o DIR (TC) നമ്പരായ കത്ത്

2023 വർഷത്തെ ഐടിഐ അഡ്മിഷനുമായി ബന്ധപ്പെട്ട് സൂചന പ്രകാരം ഡിജിറ്റി പ്രസിദ്ധീകരിച്ച അഡ്മിഷൻ ഷെഡ്യൂൾ അനുസരിച്ച് MIS പോർട്ടലിൽ ട്രെയിനീസ് ഡാറ്റ മൈഗ്രേഷൻ API Data അപ്ലോഡിങ്ങിലൂടെ 20/09/2022 നുള്ളിൽ പൂർത്തിയാക്കേണ്ടതുണ്ട്. ഇവ കണക്കിലെടുത്ത് 2023 വർഷത്തെ അഡ്മിഷൻ ഷെഡ്യൂൾ പുറപ്പെടുവിക്കുന്നു. DGT സൂചന പ്രകാരമുള്ള അഡ്മിഷൻ ഷെഡ്യൂൾ പുതുക്കുകയാണെങ്കിൽ ചുവടെ ചേർത്തിരിക്കുന്ന സമയക്രമത്തിലും ആയതനുസരിച്ചുള്ള തിരുത്തൽ വരുന്നതായിരിക്കും.

| Sl. No | Activities | Time line | Responsibility |
|---|---|---|---|
| 1 | Starting of Application | 16.06.2023 | Applicants |
| 2 | Last date of Application | 25.07.2023 | Applicants |
| 3 | Verification | Up to 26.07.2023 5.00 PM | Govt. ITIs |
| 4 | Master Rank list publishing | 31.07.2023, 3.00 PM | IT Cell |
| 5 | Rank list/Select list publishing by ITIs | 03.08.2023, 3.00 PM | Govt. ITIs |
| **6** | **Starting date of Admission** | **07.08.2023** | **Govt. ITIs** |

NCVT ട്രേഡുകളിൽ പ്രവേശനത്തിന് വരുന്നവരിൽ നിന്ന് നിശ്ചിത മാതൃകയിലുള്ള ഫോട്ടോ (ഫോട്ടോയുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു), ആധാർ കാർഡിന്റെ പകർപ്പ് എന്നിവ സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട അറിയിപ്പ്

അഡ്മിഷനു വരുന്നവർക്ക് മുൻകൂറായി നൽകേണ്ടതാണ്.

സൂചന കത്തിൽ (പകർപ്പ് ഉൾക്കൊള്ളിക്കുന്നു) ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് അഡ്മിഷൻ നടപടികൾ നിർവ്വഹിക്കേണ്ടതാണ് . അഡ്മിഷൻ ക്ലോസിംഗ് സമയക്രമവുമായി ബന്ധപ്പെട്ടുള്ള ഷെഡ്യൂൾ പിന്നാലെ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

2023 വർഷത്തിൽ ഐടിഐ പ്രവേശനം നേടുന്ന ട്രെയിനികളുടെ വിവരങ്ങൾ MIS പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിനു വേണ്ടി മുൻ വർഷത്തെ പോലെ ജാലകം അഡ്മിഷൻ പോർട്ടലിൽ വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതുണ്ട്. ഗവ. ഐടിഐ കളിൽ, പോർട്ടലിൽ ഉൾപ്പെട്ടിട്ടുള്ള അഡ്മിറ്റ് ആയ ട്രെയിനികളുടെ വിവരങ്ങൾ, ഫോട്ടോ എന്നിവ പരിശോധിച്ച് അപാകതയില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

SCDD/STD/പ്രൈവറ്റ് ഐടിഐകളിൽ, അഡ്മിഷൻ എടുക്കുന്ന ട്രെയിനികളുടെ വിവരങ്ങൾ, ഫോട്ടോ എന്നിവ അഡ്മിഷൻ സമയത്ത് തന്നെ ജാലകം അഡ്മിഷൻ പോർട്ടലിൽ ഉൾക്കൊള്ളിക്കേണ്ടതാണ്, ഇപ്രകാരമുള്ള data entry നടത്തി, പരിശോധിച്ച് അപാകതയില്ലെന്ന് അഡ്മിഷൻ ക്ലോസിംഗ് തീയതിക്ക് മുൻപ് ഉറപ്പ് വരുത്തേണ്ടതാണ്.

ട്രെയിനികളുടെ വിവരങ്ങൾ ജാലകം പോർട്ടലിൽ ഉൾപ്പെടുത്തുമ്പോൾ, MIS പോർട്ടലിലെ ഐടിഐ പ്രൊഫൈൽ പരിശോധിച്ച് കറന്റ് സെഷനിലെ shift, unit എന്നിവയായിരിക്കണം രേഖപ്പെടുത്തേണ്ടത്. Data migration - നു മുന്നോടിയായിട്ടുള്ള പ്രവർത്തികളായതിനാൽ ജാലകം അഡ്മിഷൻ പോർട്ടലിൽ ഉൾപ്പെടുത്തുന്ന വിവരങ്ങളിൽ അപാകതയില്ല എന്ന് ഉറപ്പ് വരുത്തേണ്ടത് ഐടിഐ പ്രിൻസിപ്പാൾമാരുടെ ഉത്തരവാദിത്വമാണ്. എല്ലാ പ്രിൻസിപ്പാൾമാരും ഈ ഷെഡ്യൂളിലും, തുടർന്ന് പ്രസിദ്ധീകരിക്കുന്ന ഷെഡ്യൂളിലും പ്രതിപാദിക്കുന്ന സമയക്രമം കൃത്യമായും പാലിച്ച് അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ് .

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ഉള്ളടക്കം : മേൽപ്രകാരം

സ്വീകർത്താവ് :-

1. എല്ലാ ഐ ടി മാർക്കും
2. എല്ലാ പ്രിൻസിപ്പാൾമാർക്കും (സർക്കാർ/SCDD /STDD/പ്രൈവറ്റ്)

പകർപ്പ് :-

1. ഡയറക്ടർ, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്
2. ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്)
3. മാനേജർ ഇ-ഗവേണൻസ്, ഐ ടി സെൽ

## 2023 പരിശീലന വർഷത്തേയ്ക്ക് NCVT MIS പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ട ഫോട്ടോയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ

1. അപ്‌ലോഡ് ചെയ്യേണ്ട ഫോട്ടോയുടെ സൈസ് 20Kb മുതൽ 90kb വരെ
2. പരിശീലനാർത്ഥികളുടെ സർട്ടിഫിക്കറ്റിൽ വരുന്ന ഫോട്ടോ ആയതിനാൽ ചരിഞ്ഞതോ നിശ്ചിത ചതുരത്തിൽ പൂർണ്ണമായും ഉൾക്കൊള്ളാത്തതോ ആയ അപ്‌ലോഡ് ഫോട്ടോകൾ സ്വീകാര്യമല്ല. (ഫോട്ടോ നേരെയുള്ളതും നിശ്ചിത ചതുരത്തിനുള്ളിൽ ഉൾക്കൊള്ളുന്നതും ആയിരിക്കണം)
3. സാധാരണ പശ്ചാത്തലത്തിലുള്ള ( Plain/White/Light Background) ഫോട്ടോ അപ് ലോഡ് ചെയ്യുക (മറ്റ് പശ്ചാത്തലത്തിൽ എടുത്തിട്ടുള്ള ഫോട്ടോകൾ സ്വീകര്യമല്ല.)
4. ബ്ലാക്ക് ആന്റ് വൈറ്റ് വ്യക്തമല്ലാത്തവ, സീൽ ഉള്ളവ, സ്റ്റാപ്ലർ പിൻ ഉൾപ്പെട്ടവ, ഫ്ലാഷ് ലൈറ്റ് പതിഞ്ഞവ എന്നീ ഫോട്ടോകൾ സ്വീകര്യമല്ല.
5. പരിശീലനാർത്ഥികളുടെ പേര് രേഖപ്പെടുത്തിയ ഫോട്ടോകൾ സ്വീകാര്യമല്ല.
6. 80% മുഖം പൂർണ്ണമായി വ്യക്തതയുള്ളതും, ചെവി കാണാൻ പാകത്തിൽ ഉള്ളതും ആയ ഫോട്ടോകൾ വേണം അപ്‌ലോഡ് ചെയ്യേണ്ടത്.
7. രാഷ്ട്രീയപരമായോ മതപരമായോ ഉള്ള യാതൊരുവിധ ചിഹ്നങ്ങളോ ചിത്രങ്ങളോ ഫോട്ടോയിൽ ഉൾപ്പെടാൻ പാടില്ല.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**